# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *169

13/07/2016-ൽ മറുപടിക്ക്

### ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നും പകർച്ച വ്യാധി ഭീഷണി

ചോദ്യം

ശ്രീ.എം.എം. മണി
,, എസ്.ശർമ്മ
,, സി.കെ. ഹരീന്ദ്രൻ
,, കെ. ദാസൻ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം വ്യാപകമായ സാഹചര്യത്തിൽ തൊഴിലാളി ക്യാമ്പുകളിൽ നിന്നും പകർച്ച വ്യാധികളുടെ ഭീഷണി ഉണ്ടായിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം വ്യാപകമായ സാഹചര്യത്തിൽ തൊഴിലാളി ക്യാമ്പുകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി വരുന്നുണ്ട്. മലമ്പനി, ക്ഷയം, കുഷ്ഠരോഗം, മന്തു രോഗം,ത്വക്ക് രോഗങ്ങൾ മുതലായവ ഇപ്രകാരം കണ്ടെത്തിയിട്ടുണ്ട്. |
| ബി) കേരളത്തിൽ നിന്നും ഉന്മൂലനം ചെയ്യപ്പെട്ട മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ ഇതര സംസ്ഥാന തൊഴിലാളികളിലൂടെ തിരിച്ച വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, മലമ്പനി നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗമല്ല. ഇതര സംസ്ഥാനങ്ങളിൽ ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി പോയി തിരിച്ച് വരുന്നവരിലും കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലും മലമ്പനി താരതമ്യേന കൂടുതലായി കണ്ടുവരുന്നു. കൂടാതെ മന്ത് രോഗത്തിന്റെ സൂക്ഷ്മ വിരകളുടെ സാന്നിദ്ധ്യം, ക്ഷയരോഗം, കുഷ്ഠരോഗം എന്നിവ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. |
| സി) അനാരോഗ്യകരമായ ചുറ്റുപാടിൽ കഴിയുന്ന ഇവർക്ക് രോഗ | സി) | ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടു വരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് പല പദ്ധതികളും ആരോഗ്യ |

| | | |
|---|---|---|
| പ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം ഏർപ്പെടുത്തി രോഗ വ്യാപന ഭീഷണി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; | | വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായി എല്ലാ ജില്ലകളിലും വിവിധ സ്ഥലങ്ങളിലായി ഇതര സംസ്ഥാന തൊഴിലാളികളുടെ രക്തം പരിശോധിച്ച് മലമ്പനി, മന്ത് രോഗം, ക്ഷയം, കുഷ്ഠരോഗം തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ സൗജന്യ ചികിത്സയും നൽകിവരുന്നുണ്ട്. 2015 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ "ജാഗ്രത" കാമ്പൈൻ വഴി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യ വകുപ്പ് നടത്തുകയുണ്ടായി. ഇതു കൂടാതെ സേഫ് കേരള പരിപാടിയുടെ ഭാഗമായും പ്രത്യേക ദിവസങ്ങളിൽ ഇത്തരക്കാരുടെ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വം കുടിവെള്ളലഭ്യത, രോഗസാദ്ധ്യതകൾ തുടങ്ങിയവ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ പരിശോധിച്ച് പൊതുജനാരോഗ്യ നിയമ പ്രകാരം നടപടികളും എടുത്ത് വരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഫീൽഡ്തല ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തുമ്പോഴും ഇത്തരം തൊഴിലാളികളുടെ ആരോഗ്യം ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഓരോ ജില്ലയിലും ഡെപ്യൂട്ടി ഡി.എം.ഒ.യുടെ നേതൃത്വത്തിൽ ജില്ലാ മൈഗ്രന്റ് സെല്ല് വഴി ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയുമായി യോജിച്ച് ആണ് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. |
| ഡി) ലേബർ ക്യാമ്പുകളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ലേബർ ക്യാമ്പുകളിലെ ശുചിത്വം ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ തുടങ്ങിയവ സംയുക്തമായി പ്രവർത്തിച്ച് വരുന്നു. ആരോഗ്യ വകുപ്പ് തുടർച്ചയായി ഇത്തരം ക്യാമ്പുകൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളുടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമെങ്കിൽ പൊതുജനാരോഗ്യ നിയമപ്രകാരം വേണ്ട ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. മറ്റ് വകുപ്പുകളും ഒറ്റയ്ക്കും സംയുക്തമായും |

| | | |
|---|---|---|
| | | സമാനമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ശുചിത്വം സംബന്ധിച്ച ബോധവൽക്കരണവും അവരുടെ ഭാഷയിൽ തന്നെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ